# സേവാഗ്രാം - ഒരുനിശബ്ദ ജനകീയ ജനാധിപത്യ വിപ്ലവം

ആര്യൻകോട് ഗ്രാമപഞ്ചായത്ത്-സമ്പൂർണ്ണ അയൽസഭ, സമ്പൂർണ്ണ വാർഡ് വികസനസമിതി, സ്വന്തം കെട്ടിടത്തിൽ ഗ്രാമകേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കിയ സംസ്ഥാനത്തെ ആദ്യ ഗ്രാമപഞ്ചായത്ത്

73,74 ഭരണഘടനാ ഭേദഗതികൾ രണ്ട് ദശകം പിന്നിടുന്ന വേളയിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലേയ്ക്ക് ഒരു തിരിഞ്ഞ് നോട്ടം നടത്തിയാൽ നിരവധി വികസന മാതൃകകളെ പൊതു സമൂഹത്തിന് നൽകിയ കേരളത്തിൽ പോലും ജനപങ്കാളിത്തം പരിമിതമാണെന്ന് കാണാം. ലഭിച്ച അധികാരങ്ങൾ കാര്യക്ഷമമായും നീതിപൂർവ്വമായും സുതാര്യമായും വിനിയോഗിച്ചു കൊണ്ട് മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ജനവിശ്വാസ്യതയും അംഗീകാരവും നേടാനാകൂ.

ഭരണഘടനാ പിൻബലമുള്ള ഏറ്റവും ചെറിയ ജനകീയ സംഘടനാ സംവിധാനമായ ഗ്രാമ സഭകളിലെ ജനപങ്കാളിത്തവും തീരുമാനമെടുക്കൽ പ്രക്രിയയുമെല്ലാം ഇന്ന് ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന വേദികളായി മാറുന്ന തോന്നലുകളുണ്ടാക്കുന്ന സാഹചര്യത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വരുൾപ്പെടെയുള്ള അടിസ്ഥാന ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കി ഗ്രാമത്തിന്റെ സമഗ്രവും സുസ്ഥിരവുമായ അടിത്തട്ടിലെ ജനകീയ സംവിധാനം ശക്തമാക്കുന്നതിന് 12-ാം പഞ്ചവത്സരപദ്ധതി പ്രവർത്തന മാർഗ്ഗരേഖയിൽ സ്വാശ്രയ - സ്വയംപര്യാപ്ത - സ്വയം നിർണ്ണയാധികാരങ്ങളോടു കൂടിയ "സേവാഗ്രാം" പദ്ധതി ലക്ഷ്യം വയ്ക്കുന്നത് പ്രത്യാശ പകരുന്നു.

## പ്രാദേശിക ഭരണത്തിൽ നിന്ന് പൗരഭരണത്തിലേയ്ക്ക്

പഞ്ചാബ്, ബീഹാർ, യു.പി, എം.പി, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗ്രാമ പഞ്ചായത്തുകളുടെ ശരാശരി ജനസംഖ്യ 1200 മുതൽ 2000 വരെയും, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളായ പശ്ചിമ ബംഗാൾ ,മണിപ്പൂർ തുടങ്ങിയവയിൽ 5000 വുമാകുമ്പോൾ കേരളത്തിൽ 25000 എന്നത് താരതമ്യം ചെയ്യപ്പെടുമ്പോൾ കേരളത്തിലെ ഒരു വാർഡിന്റെ വലിപ്പം മാത്രമുള്ള ഗ്രാമപഞ്ചായത്തുകളുള്ള ഉത്തരേന്ത്യയിൽ സൂക്ഷ്മതല ഭരണത്തിന് ശക്തി പകരാൻ പ്രാദേശിക ഭരണകൂടങ്ങളുടെ വലിപ്പം കുറയുന്നത് സഹായകരമാകുമെന്നതിൽ തർക്കമില്ല. പ്രാദേശിക ഭരണകൂടം എന്നതത്വം പ്രാവർത്തികമാക്ക പ്പെടുമ്പോൾ ജനങ്ങൾക്ക് ഭരണകൂടത്തിലേക്കുള്ള സാമീപ്യവും പ്രാപ്യതയും വർദ്ധിക്കുന്നു.

ജനപ്രതിനിധികളിൽ തെരഞ്ഞെടുപ്പിലൂടെ നാം നൽകുന്ന അധികാരം പലപ്പോഴും ദുർവിനിയോഗം ചെയ്യപ്പെടുമെന്ന ആശങ്കനിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ ജനാധിപത്യത്തിൽ നിന്നും പൗരാധിപത്യത്തിലേയ്ക്കുള്ള ചവിട്ടുപടിയാണ് "സേവാഗ്രാം". ഇവിടെ ജനങ്ങൾ നേരിട്ട് അടിസ്ഥാന ജനാധിപത്യ പ്രക്രിയയ്ക്ക് നേതൃത്വം വഹിക്കുന്നു എന്നതാണ് പ്രത്യേകത. 'സർവ്വോദയം', 'അന്ത്യോദയം' തുടങ്ങിയ ഗാന്ധിയൻ സങ്കല്പങ്ങൾ യഥാർത്ഥ്യമാക്കാനുള്ള എറ്റവും അടിത്തട്ടിൽ നിന്നും പടിപടിയായി രാഷ്ട്ര നിർമ്മാണം നടത്തുന്ന സ്വാശ്രയത്വത്തിനും സ്വയം നിർണയാവകാശത്തിനും പ്രാധാന്യം നൽകുന്ന പദ്ധതിയാണിത്.

## "സേവാഗ്രാം"- ഗ്രാമകേന്ദ്രം

ഗ്രാമസഭാ തീരുമാനങ്ങൾ കൃത്യമായും കാര്യക്ഷമമായും അർത്ഥപൂർണമായും നടപ്പിലാക്കാൻ ഗ്രാമസഭാംഗങ്ങൾക്ക് നിരന്തരമായി ചർച്ചചെയ്യാനും വിലയിരുത്താനുമുള്ള വാർഡിന്റെ ഒരു സ്ഥിരം ആസ്ഥാനമാണ് "സേവാഗ്രാം"-ഗ്രാമകേന്ദ്രം. വാർഡ് തലത്തിലുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തന ഏകോപന കേന്ദ്രമായും ഇവമാറും.കൂടാതെ വാർഡ് വികസന സമിതി ,കുടുംബശ്രീ എഡിഎസ്,ജാഗ്രതാസമിതി,വാർഡ് ആരോഗ്യശുചിത്വസമിതി, പെയിൻ&പാലിയേറ്റീവ് കെയർ, സാക്ഷരതാസമിതി തുടങ്ങിയവയുടെ ആസ്ഥാനവുമായിരിക്കും.

ഗ്രാമപഞ്ചായത്താഫീസിന്റെ ഉപകേന്ദ്രം എന്ന നിലയിൽ ആഴ്ചയിൽ 5 ദിവസം 3 pm മുതൽ 7pm വരെ ഗ്രാമപഞ്ചായത്ത് നിയോഗിക്കുന്ന സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ പഞ്ചായത്താഫീസിൽ സമർപ്പിക്കാവുന്ന അപേക്ഷകൾ സ്വീകരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വിവിധ നികുതികൾ ശേഖരിക്കുന്നതിനുമുള്ള സൗകര്യം ക്രമീകരിക്കാവുന്നതാണ്.കൂടാതെ വിവിധ സർക്കാർ-പഞ്ചായത്ത് തല അറിയിപ്പുകൾ പൊതുജനങ്ങൾക്ക് നൽകാൻ കഴിയുന്ന Information Centre കളായും ഇവ മാറും.

## വാർഡ് വികസന സമിതി

ഗ്രാമകേന്ദ്രം പ്രവർത്തിപ്പിക്കുന്ന ചുമതലയ്ക്ക് പുറമെ വാർഡിന്റെ സമഗ്രവികസന പദ്ധതികൾ തയ്യാറാക്കുന്നതിന്റെയും ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽകൊണ്ട് വരുന്നതിന്റെയും ചുമതല വാർഡ് വികസനസമിതിയ്ക്കാണ്.പട്ടികജാതി-വർഗ്ഗ പ്രാതിനിധ്യവും സ്ത്രീ പ്രാതിനിധ്യവും വാർഡിലെ അയൽസഭകളുടെ 2 വീതം പ്രതിനിധികളുൾപ്പെടെ പരമാവധി 25 പേരടങ്ങുന്ന സമിതിയുടെ ചെയർമാൻ വാർഡ്മെമ്പറും കൺവീനർ തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗവുമായിരിക്കും. കാലാവധി രണ്ടര വർഷമാണ്. പ്രതിമാസയോഗങ്ങൾ കൃത്യമായി കൂടേണ്ടതും എല്ലാവിധ-വികസന ക്ഷേമപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നതോടൊപ്പം, സാമൂഹ്യതിൻമകൾക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കും, മതസൗഹാർദ്ദ സന്ദേശം പ്രചരിപ്പിക്കുന്നതിനും, ആരോഗ്യ-ശുചിത്വ പരിപാലന പ്രവർത്തനങ്ങൾക്കും, തർക്കപരിഹാരങ്ങൾക്കും മുൻകൈയെടുക്കേണ്ടതുമാണ്.

## അയൽസഭ

ഓരോ വാർഡിലും അടുത്തടുത്ത 50 മുതൽ 100 വരെ വീടുകൾ ചേർന്ന് നിശ്ചിത അതിരുകൾ ഉള്ള ഭൂപ്രദേശങ്ങൾ പരിധികളാക്കി ഗ്രാമസഭയുടെ അംഗീകാരത്തോടെ അയൽസഭകൾ രൂപീകരിക്കേണ്ടതാണ്. 11 ആംഗ നിർവ്വാഹകസമിതി (6 സ്ത്രീകൾ നിർബന്ധം)യായിരിക്കും ദൈനംദിന പ്രവർത്തന നേതൃത്വം; ഒരു ചെയർമാനെയും കൺവീനറെയും തെരഞ്ഞെടുക്കുകയും വേണം (ഒരു സ്ഥാനം സ്ത്രീകൾക്ക് സംവരണം). രണ്ടര വർഷ കാലാവധിയുള്ള അയൽസഭകൾ നിർബന്ധമായും കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടേണ്ടതാണ്.ആയൽസഭയിൽ നിന്ന് ഓരോ സ്ത്രീയും പുരുഷനും വാർഡ് വികസന സമിതിയിലേയ്ക്ക് അയൽസഭാ പൊതുയോഗം നിയോഗിക്കേണ്ടതാണ്. അയൽസഭാ പ്രദേശത്തെ സമഗ്ര വികസന ക്ഷേമ പദ്ധതികൾ രൂപം നൽകുകയും നടപ്പിലാക്കാൻ നേതൃത്വം നൽകുകയുമാണ് പ്രധാന ദൗത്യം. കൂടാതെ റസിഡൻഷ്യൽ അസോസിയേഷൻ മാതൃകയിൽ അയൽസഭകൾ രജിസ്റ്റർ ചെയ്ത് ജനക്ഷേമപ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്.

## ആര്യങ്കോട് സേവാഗ്രാം മാതൃക - ചരിത്രത്തിലേയ്ക്ക്

ഇൻഡ്യയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വളർച്ചയുടെ പന്ഥാവിൽ ഒരു നാഴികക്കല്ലാവുകയാണ് തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്ത്. കേരള സർക്കാരും, കില (Kerala Institute of Local Administration)യും വിഭാവന ചെയ്ത സേവാഗ്രാം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 16 വാർഡുകളിലും സ്വന്തം കെട്ടിടത്തിൽ ഗ്രാമകേന്ദ്രങ്ങൾ ക്രമീകരിക്കുകയും വാർഡ് വികസനസമിതികൾ രൂപീകരിക്കുകയും പഞ്ചായത്തിൽ ആകെ 88 അയൽസഭകൾ രൂപീകരിക്കുകയും ചെയ്തു കഴിഞ്ഞു. ഇതിനായി എല്ലാ വാർഡുകളിലും സ്പെഷ്യൽ ഗ്രാമസഭകളും നടത്തപ്പെട്ടു.

16 വാർഡ് മെമ്പർമാർ നേതൃത്വം കൊടുത്തിരുന്ന സ്ഥാനത്ത് 16 വാർഡ് വികസനസമിതി അംഗങ്ങളായി 400 പേരും 88 അയൽസഭാ പ്രതിനിധികളായി 968 പേരും ഉൾപ്പെടെ 1192 പേരുടെ കൈകളിലേക്ക് പഞ്ചായത്തിലെ ഭരണ പങ്കാളിത്തം എത്തി എന്നത് നിശബ്ദ ജനാധിപത്യ വിപ്ലവം തന്നെയാണ്. കൂടാതെ 16 ഗ്രാമ കേന്ദ്രങ്ങളിലൂടെ പഞ്ചായത്താഫീസിൽ കിലോമീറ്ററുകൾ താണ്ടി കാത്ത് നിൽക്കാതെ തങ്ങളുടെ സമയത്ത് അടുത്തുള്ള സേവാകേന്ദ്രം മുഖേന അപേക്ഷകൾ സമർപ്പിക്കാനും നികുതി അടയ്ക്കാനും സേവനങ്ങൾ ലഭ്യമാക്കാനുമുള്ള വിപ്ലവകരമായ സന്ദർഭമാണ് ജനങ്ങൾക്ക് കൈവന്നിരിക്കുന്നത്. ജനങ്ങൾക്ക് സുതാര്യമായും സമയബന്ധിതമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇന്റർനെറ്റ്-ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു.

ഇൻഡ്യയിലാദ്യമായി സമ്പൂർണ്ണ അയൽസഭ രൂപീകരിച്ചതിന്റെയും വാർഡ് വികസനസമിതികൾ, ഗ്രാമകേന്ദ്രങ്ങൾ എന്നിവ 100% യാഥാർത്ഥ്യമാക്കിയതിന്റെയും സംസ്ഥാനതല പ്രഖ്യാപനം 2014 നവംബർ 18 ചൊവ്വാഴ്ച ബഹു.പാറശ്ശാല M.L.A ശ്രീ.എ.റ്റി.ജോർജ് കില ഡയറക്ടർ ഡോ.പി.പി. ബാലന്റെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു.

ആര്യൻകോട് — എസ്.ഒ.ഷാജികുമാർ

18.11.2014 — സെക്രട്ടറി

ആര്യൻകോട് ഗ്രാമപഞ്ചായത്ത്